പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി (വിഭാഗം)
ഡി.പി.ഐ, ജഗതി
തിരുവനന്തപുരം- 695014
ഫോൺ:- 0471-2325323
e-mail: dirvhse.dge@kerala.gov.in

VHSE/3427/2025-E2 17-02-2026

**<u>പരിപത്രം</u>**

വിഷയം:-പൊതുവിദ്യാഭ്യാസം-വി.എച്ച്.എസ്.ഇ വിഭാഗം - ജീവനക്കാര്യം – ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ക്ലർക്ക്/ സീനിയർ ക്ലർക്ക് - 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റം അപേക്ഷകൾ ക്ഷണിക്കുന്നത്– സംബന്ധിച്ച്:-

സൂചന:- 25/02/2017തീയതിയിലെ സ.ഉ(പി) നം. 3/2017/ഉ.ഭ.പ.വ.

സൂചന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ക്ലർക്ക്/ സീനിയർ ക്ലർക്ക് 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. 20.02.2026 മുതൽ 24.02.2026 തീയതി വൈകുന്നേരം 5 മണിവരെ ഓൺലൈൻ മുഖേന (www.vhseportal.kerala.gov.in എന്ന വെബ്സൈറ്റ് വഴി) അപേക്ഷിക്കാവുന്നതാണ്. അനുകമ്പാർഹ സ്ഥലമാറ്റത്തിനും പൊതുസ്ഥലംമാറ്റത്തിനും ഒറ്റ ഓൺലൈൻ അപേക്ഷ മാത്രമാണ് സമർപ്പിക്കേണ്ടതാണ്. അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ 24.02.2026 തീയതി വൈകുന്നേരം 5 മണിക്ക് മുൻപായി അസ്സൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, മെഡിക്കൽ രേഖകളുടെ പകർപ്പുകൾ എന്നിവ സഹിതം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. മുൻഗണനയ്ക്ക് അർഹമായ അപേക്ഷകളും മുൻഗണന തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകളുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 24.02.2026 തീയതി വൈകുന്നേരം 5 മണിക്കകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

സ്ഥലംമാറ്റത്തിനായി സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് കൃത്യമായി വായിച്ച് മനസിലാക്കി അതനുസരിച്ച് അപേക്ഷിക്കേണ്ടതാണ്. ക്ലർക്ക്/സീനിയർ ക്ലർക്ക് സമർപ്പിക്കുന്ന അപേക്ഷയിൽ ഏതെങ്കിലും അപാകതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷ പ്രിൻസിപ്പൽ നിരസിക്കേണ്ടതും വീണ്ടും ക്ലർക്ക്/ സീനിയർ ക്ലർക്ക് തിരുത്തൽ വരുത്തിയ അപേക്ഷ പ്രിൻസിപ്പാളിന് പുന:സമർപ്പിക്കാവുന്നതുമാണ്. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള എല്ലാ ക്ലർക്ക്/സീനിയർ ക്ലർക്ക്മാരുടെയും അപേക്ഷ പ്രിൻസിപ്പാൾ യഥാസമയം Forward ചെയ്യേണ്ടതാണ്.

**<u>നിർദ്ദേശങ്ങൾ</u>**

1. 2025 മെയ് 31 ന് ആകെ 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ ക്ലർക്ക്/സീനിയർ ക്ലർക്ക് എന്നിവർക്ക് സ്ഥലം മാറ്റത്തിനു അപേക്ഷിക്കാവുന്നതാണ്. അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് 3 വർഷം സമയപരിധി ബാധകമല്ല. ദുർഘട മേഖലയിലെ സ്കൂളുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് 2025 മെയ് 31-ന് രണ്ടു വർഷം സർവ്വീസ് പൂർത്തിയായാൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. നിലവിൽ ആകെ സർവ്വീസ് മൂന്ന് വർഷം

പൂർത്തിയാക്കാത്തവർക്ക് പൊതുസ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കില്ല.

2. 31.05.2025-ൽ ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ/ഒരു സ്റ്റേഷനിൽ ആകെ സർവ്വീസ് മൂന്ന് വർഷം പൂർത്തീകരിക്കുന്നവരുമായ എല്ലാ ക്ലർക്ക്മാർക്കും, സീനിയർ ക്ലർക്ക്മാർക്കും സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. പൊതുസ്ഥലംമാറ്റത്തിനായി പരിധിയില്ലാതെ സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണ്.

3. 31.05.2027-നകം വിരമിക്കുന്ന ക്ലർക്ക്/സീനിയർ ക്ലർക്ക്, നിലവിൽ പ്രസവാവധിയിൽ തുടരുന്നവർക്ക് പൊതുസ്ഥലംമാറ്റം മാനദണ്ഡങ്ങൾ പ്രകാരം മുൻഗണന ഉണ്ടായിരിക്കും.

4. പ്രത്യേക മുൻഗണന അർഹിക്കുന്ന ജീവനക്കാർ മുൻഗണനയ്ക്ക് അപേക്ഷിക്കുന്ന ജില്ലയിൽ/സ്റ്റേഷനിൽ 5 വർഷം പൂർത്തിയാകാതിരിക്കുകയും അവർ ആ ജില്ലയിൽ/സ്റ്റേഷനിൽ തന്നെ തുടരുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ പൊതുസ്ഥലംമാറ്റം മാനദണ്ഡ പ്രകാരം പരമാവധി 5 വർഷം വരെ മുൻഗണന ലഭിക്കുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിന് സർവ്വീസിൽ ഒരിക്കൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത്തരം ജീവനക്കാർ ഏത് മുൻഗണനയാണോ ഉപയോഗിക്കുന്നത്, ടി മുൻഗണന കണക്കാക്കുന്നത് അർഹമായ തീയതി മുതൽ 5 വർഷമാണ്. ഈ മുൻഗണന മുൻപ് പൊതുസ്ഥലംമാറ്റത്തിന് ഉപയോഗിച്ചിട്ടില്ല എന്ന വാദം അംഗീകരിക്കുന്നതല്ല.

5. സീനിയർ ക്ലർക്കുമാർക്ക് എതു ജില്ലയിലേക്കും അപേക്ഷ സമർപ്പിക്കാവുന്നതണ്. ക്ലർക്കുമാർക്ക് അതാതു ജില്ലയിൽ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ.

6. ക്രമ പ്രകാരമല്ലാത്ത രേഖകൾ സമർപ്പിക്കുന്നതിന്റെയും രേഖകൾ മറച്ചുവെക്കുന്നതിന്റെയും ഉത്തരവാദിത്തം ബന്ധപ്പെട്ട ക്ലർക്ക്/സീനിയർ ക്ലർക്ക്മാർക്കും പ്രിൻസിപ്പൽമാർക്കും ആയിരിക്കും.

7. അനുകമ്പാർഹ സ്ഥലംമാറ്റത്തിനും പൊതുസ്ഥലംമാറ്റത്തിനും മറ്റു ഓൺലൈൻ അപേക്ഷ മാത്രമാണ് സമർപ്പിക്കേണ്ടത്. അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ പരമാവധി ഓപ്ഷനുകൾ ഓൺലൈൺ ആയി നിർബന്ധമായും നൽകേണ്ടതാണ്. അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷയിൽ Ground on which transfer is applied for എന്ന കോളത്തിൽ compassionate ground എന്ന് തെരഞ്ഞെടുക്കേണ്ടതാണ്. ടി അപേക്ഷയിലെ ആദ്യ ഓപ്ഷനുകൾ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്. അനുകമ്പാർഹ സ്ഥലംമാറ്റം ലഭിക്കുന്ന ക്ലർക്ക് / സീനിയർ ക്ലർക്ക് ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുകയും അനുകമ്പാർഹ സ്ഥലംമാറ്റം ലഭിക്കാത്ത ക്ലർക്ക് / സീനിയർ ക്ലർക്ക് ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്തുന്നതാണ്. അസ്സൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും മെഡിക്കൽ രേഖകളുടെ പകർപ്പും, ആശ്രിതൻ / ആശ്രിത നിലവിൽ ജീവനക്കാരനോടൊപ്പമാണ് താമസിക്കുന്നതെന്ന നിയമനാധികാരിയെ ബോധിപ്പിക്കുന്ന രേഖകളും പ്രിൻസിപ്പാളിന്റെ ശുപാർശയോടുകൂടി നിർബന്ധമായും 24.02.2026-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം, ഡി.പി.ഐ, ജഗതി, തിരുവനന്തപുരം-14 എന്ന എന്ന അഡ്രസ്സിൽ ലഭ്യമാക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷയുടെ കവറിന്റെ പുറത്ത് പൊതുസ്ഥലംമാറ്റം അനുകമ്പാർഹം എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൺ അപേക്ഷയും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പും അനുബന്ധ മെഡിക്കൽ രേഖകളുടെ പകർപ്പും ആശ്രിതൻ/ ആശ്രിത ജീവനക്കാരോടൊപ്പം താമസിക്കുന്നതിന്റെ രേഖകളും 24.02.2026 വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തി സ്കൂളിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്. പ്രത്യേക

മുൻഗണനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ അപേക്ഷയുടെ പകർപ്പ്, മുൻഗണന തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം 24.02.2026 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

8. നിലവിൽ വകുപ്പ് തല നടപടികൾ തുടർന്നു കൊണ്ടിരിക്കുന്ന ജീവനക്കാർ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല. ഇത്തരം അപേക്ഷകൾ ലഭിക്കുകയാണെങ്കിൽ പ്രിൻസിപ്പൽ ടി അപേക്ഷകൾ അപ്രൂവ് ചെയ്യേണ്ടതില്ല.

വിശ്വസ്തതയോടെ,

Digitally signed by Sheena. M.S
Date: 17-02-2026 13:47:43

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**ഉള്ളടക്കം - വേക്കൻസി ലിസ്റ്റ്**

**<u>പകർപ്പ്</u>**

1. ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, തിരുവനന്തപുരം
2. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(എല്ലാ വി.എച്ച്.എസ്.സ്കൂൾ പ്രിൻസിപ്പൽമാർക്കും ലഭ്യമാക്കുന്നതിലേക്കായി)
3.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി